## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.418 29.10.2019-ലെ മറുപടിക്ക്**

## സാമ്പത്തിക മാന്ദ്യം നേരിടുന്നതിനുള്ള നടപടി

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യത്തിലേക്കാണെന്ന സൂചനകൾ പുറത്ത് വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതുമൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷം നേരിടുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിവരിക്കാമോ; | ദേശീയ തലത്തിലുണ്ടാകുന്ന സാമ്പത്തിക മാന്ദ്യം സ്വഭാവികമായും എല്ലാ സംസ്ഥാനങ്ങളിലും പ്രതിഫലിക്കാറുണ്ട്. ദേശീയ തലത്തിൽ സാമ്പത്തിക വളർച്ചയിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. പ്രധാനമായും ഓട്ടോമൊബൈൽ ഉൽപ്പാദന രംഗത്ത് ഇടിവ് സംഭവിച്ചു. ജനങ്ങളുടെ വാങ്ങൽ ശേഷി കുറഞ്ഞതാണ് ഇതിന്റെ പ്രധാന കാരണം. തന്മൂലം, തൊഴിലവസരങ്ങൾ, വരുമാനം, സമ്പാദ്യം, മൂലധന വളർച്ച എന്നിവ ആനുപാതികമായി കുറയാനിടയായി. ഇതിന്റെ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഇടിവ് സംഭവിച്ചു. എന്നിരുന്നാലും കേരളത്തിൽ കാര്യമായ സാമ്പത്തിക പ്രതിസന്ധികളൊന്നും ഉണ്ടായിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ 30610 കോടി രൂപയുടെ അടങ്കലാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ ഉൾപ്പെടുന്ന എല്ലാ പദ്ധതികളും തടസ്സം കൂടാതെ നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളും തടസ്സം കൂടാതെ നടപ്പിലാക്കാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ട്. സാമ്പത്തിക മാന്ദ്യം മാറ്റുന്നതിന് ജനങ്ങളുടെ ചോദന ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് ജനങ്ങളുടെ വരുമാനം വർദ്ധിക്കണം. അതിലേക്കായി സർക്കാർ കൂടുതൽ മുതൽമുടക്ക് പല മേഖലകളിലും നടത്തിക്കൊണ്ടിരിക്കുന്നു. |

| | | |
|---|---|---|
| | | സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയ തുക ഫലപ്രദമായ രീതിയിൽ ചെലവഴിക്കുന്നതുമൂലം തൊഴിലവസരങ്ങൾ വർദ്ധിക്കുകയും വരുമാന വർദ്ധനവിന് ഇത് കാരണമാകുകയും ചെയ്യുന്നുണ്ട്. |
| (ബി) | മാന്ദ്യത്തിൽ നിന്നും പുറത്ത് കടക്കുവാൻ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഫലം ചെയ്യുമെന്ന് വിലയിരുത്തുന്നുണ്ടോ; | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ബാങ്കുകൾക്ക് അവയുടെ വായ്പാ വിതരണത്തിന് അധിക മൂലധനം നൽകൽ, കോർപ്പറേറ്റ് നികുതിയിൽ കുറവ് വരുത്തൽ എന്നീ പദ്ധതികളിൽ നിന്നുള്ള അനുകൂലഫലങ്ങൾ സമ്പദ് വ്യവസ്ഥയിൽ അനുഭവപ്പെടുന്നത് കാത്തിരുന്നു മാത്രമേ വിശകലനം ചെയ്യാൻ സാധിക്കുകയുള്ളൂ. |
| (സി) | രാജ്യത്തെ സാമ്പത്തിക വളർച്ച ആറു വർഷത്തെ ഏറ്റവും താഴ്ന്ന നിലയിൽ നിൽക്കുന്ന സാഹചര്യത്തിൽ ഇത് സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | രാജ്യത്ത് ഉടലെടുത്തിട്ടുള്ള സാമ്പത്തിക മാന്ദ്യം കേന്ദ്ര ഗവൺമെന്റിന്റെ നികുതി വരുമാനത്തെ സാരമായി ബാധിക്കുകയും അത് സംസ്ഥാനത്തിനുള്ള നികുതി വിഹിതത്തിലും കൂടാതെ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിലും പ്രതികൂലമായി പ്രതിഫലിക്കുകയും ചെയ്യും. ഇപ്രകാരം സംസ്ഥാനത്തിന്റെ വിഭവസമാഹരണ ശേഷിയെ ദുർബലപ്പെടുത്തുന്നത് വികസന പ്രവർത്തനങ്ങളെ പിന്നോട്ടടിക്കും. അതേസമയം, സംസ്ഥാനത്തിന്റെ വായ്പാ പരിധി കേന്ദ്ര സർക്കാർ വർദ്ധിപ്പിക്കുകയാണെങ്കിൽ അധിക വിഭവ സമാഹരണം നടത്തുവാനും ഉൽപാദനപരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനും സാധിക്കും. ഇപ്പോൾ തന്നെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കേരളത്തിന് സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ